**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് – 2020-21 വാർഷിക പദ്ധതി - സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ക്യാരി ഓവർ വിഹിതം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിഎ) വകുപ്പ്

---

**സ.ഉ.(സാധാ) നം.622/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/02/2021

---

| | | |
|---|---|---|
| പരാമർശം:- | 1 | 31.03.2020 -ലെ സ.ഉ.(സാധാ) നം.724/2020/തസ്വഭവ |
| | 2 | 23.04.2020-ലെ സ.ഉ.(സാധാ) നം.2859/2020/ധന |
| | 3 | 22.06.2020-ലെ സ.ഉ.(സാധാ) നം.1219/2020/തസ്വഭവ |
| | 4 | 18.02.2020-ലെ സ.ഉ.(സാധാ) നം.1512/2021/ധന |
| | 5 | 19.02.2020-ലെ സ.ഉ.(സാധാ) നം.1604/2021/ധന |

**<u>ഉത്തരവ്</u>**

തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും ആ വർഷം പൂർത്തിയാക്കാൻ കഴിയാതിരുന്നതുമായ പ്രോജക്ടുകൾക്ക് 2020-21 വാർഷിക പദ്ധതിയിൽ ക്യാരിഓവർ വിഹിതം അനുവദിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പെന്റിംഗ് ബിൽ തുകയോ ചുവടെ പ്രതിപാദിക്കുന്ന പരിധിയോ ഇവയിൽ ഏതാണോ കുറവ് അതിൽ പരിമിതപ്പെടുത്തി സ്പിൽഓവർ പ്രോജക്ടുകൾക്ക് ക്യാരിഓവർ വിഹിതം അനുവദിക്കുമെന്നാണ് വ്യക്തമാക്കിയിരുന്നത്.

- ഗ്രാമപഞ്ചായത്തുകൾ : 2019-20-ലെ ബജറ്റ് വിഹിതത്തിന്റെ 25 ശതമാനം
- ബ്ലോക്ക് പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ : 2019-20-ലെ ബജറ്റ് വിഹിതത്തിന്റെ 30 ശതമാനം
- ജില്ലാ പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ: 2019-20 -ലെ ബജറ്റ് വിഹിതത്തിന്റെ 35 ശതമാനം

ഇതിന് പുറമെ, 2018-ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗര സഭകൾക്കും 2019-20-ൽ ലഭിച്ച പ്രത്യേക വിഹിതം വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകളുടെ സ്പിൽ ഓവർ ബാധ്യത 2020-21-ൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധിക വിഹിതമായി അനുവദിക്കുമെന്ന് പരാമർശം 3 പ്രകാരവും വ്യക്തമാക്കിയിരുന്നു.

2. തദ്ദേശഭരണ സ്ഥാപനങ്ങൾ ആദ്യം 2020-21-ലെ ബജറ്റ് വിഹിതം ഉപയോഗിച്ച് മേൽപ്പറഞ്ഞ സ്പിൽ ഓവർ പ്രോജക്ടുകളുടെ പെയ്മെന്റ് നടത്തണമെന്നും വിഹിതം പൂർണ്ണമായും തീരുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിക്കുമെന്നുമാണ് വ്യക്തമാക്കിയിരുന്നത്.

3. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിലെ സ്പിൽഓവർ പ്രോജക്ടുകൾക്കുള്ള ക്യാരിഓവർ തുക പരാമർശം 4 പ്രകാരവും പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2019-20-ൽ അനുവദിച്ച പ്രത്യേക വിഹിതം വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകൾക്കുള്ള ക്യാരിഓവർ തുക പരാമർശം 5 പ്രകാരവും അനുവദിച്ചിട്ടുണ്ട്. ഇതിന് തുടർച്ചയായി, വികസനഫണ്ട് വിഹിതത്തിൽ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകളുടെ ക്യാരിഓവർ വിഹിതം അനുവദിക്കുന്നതിന് ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

3.1 വികസനഫണ്ട് വിഹിതത്തിൽ ഓരോ വിഭാഗത്തിലെയും (പൊതു വിഭാഗം - സാധാരണ വിഹിതം, പ്രത്യേക ഘടക പദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം) 2020-21-ലെ ബജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരാമർശം 1 പ്രകാരം ലഭിക്കാൻ അർഹതയുള്ള പരമാവധി തുക വരെയുള്ള ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കാവുന്നതാണ്.

3.2 മേൽപ്പറഞ്ഞ പ്രകാരം സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച് ബിൽതുക അനുവദിക്കുന്നതാണ്.

3.3 പരാമർശം 1 പ്രകാരം ലഭിക്കാൻ അർഹതയുള്ള ക്യാരിഓവർ വിഹിതത്തിനുള്ള ബില്ലുകൾ സമർപ്പിക്കുമ്പോൾ ആ വിഭാഗത്തിലെ 2020-21-ല ബജറ്റ് വിഹിതത്തിൽ നിന്നുള്ള അലോട്ട്മെന്റിൽ തുക ബാക്കിയില്ലെന്ന് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ഉറപ്പാക്കണം.

3.4 ഈ സമ്പ്രദായം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ക്രമീകരണം സോഫ്റ്റ് വെയറുകളിൽ വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by NISAM N
Date: 2021.02.26 16:35:58
IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്